**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5504** — **05-07-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സ്ഥലങ്ങൾ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കളിസ്ഥലങ്ങളുടെ അഭാവംമൂലം യുവതീയുവാക്കൾക്ക് കായികക്ഷമത നഷ്ടപ്പെടുന്നതും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇല്ല.<br><br>സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി പ്രായഭേദമന്യേ ജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായികക്ഷമത മിഷൻ, ഓപ്പൺ ജിമ്മുകൾ, ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്നീ പദ്ധതികൾ കായിക വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ബി) | എങ്കിൽ ഈ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഇല്ല.<br><br>സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി പ്രായഭേദമന്യേ ജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായികക്ഷമത മിഷൻ, ഓപ്പൺ ജിമ്മുകൾ, ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്നീ പദ്ധതികൾ കായിക വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ